പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 852 — 30.01.2019-ൽ മറുപടിയ്ക്ക്.

## ഇടമലക്കുടിയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്, ആയതിന് അനുവദിച്ചിട്ടുള്ള ആകെ തുക എത്രയാണ്; | (എ) 1. ഇടമലക്കുടി സമഗ്ര വികസന പദ്ധതി - അനുവദിച്ച തുക - 10.35 കോടി<br>2 . പെട്ടിമുടി - ഇഡലിപ്പാറ റോഡ് നിർമ്മാണത്തിന് ലഭ്യമായ തുക - 1.87 കോടി<br>3. കുളം / വാട്ടർ ഹോൾ നിർമ്മാണത്തിന് ലഭ്യമായ തുക - 0.112 കോടി<br>4 . കാട്ടുതീ പ്രതിരോധത്തിന് അനുവദിച്ച തുക - 0.15 കോടി |
| (ബി) ഇതിൽ എക്കോ ഡെവലപ് മെന്റ് കമ്മിറ്റിയേയും വന സംരക്ഷണ സമിതിയേയും ഏൽപിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) എല്ലാ പ്രവൃത്തികളും വനസംരക്ഷണ സമിതിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ആയതിന് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിലെ വീട് നിർമ്മാണത്തിന് ലഭ്യമായ 4 . 3 3 കോടി രൂപയിൽ മുഴുവൻ തുകയും വീട് നിർമ്മാണത്തിന് കൈമാറിയിട്ടുള്ളതാണ്.<br><br>റോഡ് നിർമ്മാണത്തിന് ലഭ്യമായ തുകയായ 1.87 കോടി രൂപയിൽ 66 ലക്ഷം രൂപ കൈമാറിയിട്ടുള്ളതാണ്. |
| (ഡി) പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും പ്രവൃത്തികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) ഇടമലക്കുടി വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് 4 . 3 3 കോടി രൂപ ലഭ്യമായിട്ടുണ്ട്. 250 വീടുകളുടെ അടങ്കൽ പാസ്സാക്കിയിട്ടുള്ളതാണ്. ആയതിൽ 144 വീടുകൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. 35 വീടുകളുടെ ഫൗണ്ടേഷൻ വർക്കുകൾ വരെയും 1 1 വീടുകൾ ഭിത്തി കെട്ടുന്നതുവരെയും, 12 വീടുകൾ മേൽക്കൂര പണിയും നടത്തിയിട്ടുള്ളതാണ്. ലഭ്യമായ തുകയായ 4.33 കോടി രൂപയും വീട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതാണ്.<br><br>റോഡ് നിർമ്മാണത്തിന് ലഭ്യമായ 1.87 കോടി രൂപയിൽ പ്രാരംഭ ജോലികൾക്കായി 6 6 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ